## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5024** — **14-03-2023 - ൽ മറുപടിയ്ക്ക്**

## കാർഷിക ടൂറിസം വിപുലീകരണത്തിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക ടൂറിസം വിപുലീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ; | (എ) | കാർഷിക ടൂറിസത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനമാണ് കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് . കോവിഡ് കാലത്തിന്റെ അവസാനഘട്ടത്തിൽ ആരംഭിച്ച ഈ പ്രവർത്തനം വലിയ മാറ്റമാണ് ഈ മേഖലയിൽ ഉണ്ടാക്കിയത് .<br><br>കേരളത്തിലെ കൃഷിയിടങ്ങളെ വിനോദ സഞ്ചാര മേഖലയുമായി ബന്ധിപ്പിക്കുന്നതിന് കേരളത്തിൽ അഗ്രി ടൂറിസം എന്ന ഈ പ്രോഗ്രാം ആരംഭിക്കുകയും 2021 സെപ്റ്റംബർ 14 ന് സംസ്ഥാന അടിസ്ഥാനത്തിൽ ആരംഭിക്കുകയും, രണ്ടു ഘട്ടങ്ങളിലായി 952 യൂണിറ്റുകൾക്ക് പരിശീലനം നൽകുകയും ചെയ്തു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച കേരള അഗ്രി ടൂറിസം നെറ്റ് വർക്കിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന വിവിധ യൂണിറ്റുകൾ മൈക്രോ ടൂറിസം കേന്ദ്രങ്ങളായി വളർന്ന് വൻതോതിൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുന്ന നിരവധി യൂണിറ്റുകൾ ഇതുവഴി ഉണ്ടായിട്ടുമുണ്ട് . പദ്ധതി ലോഞ്ച് ചെയ്തു ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ കോവിഡ് നിയന്ത്രണങ്ങൾക്കിടയിലും 22 ലക്ഷം രൂപയുടെ വരുമാനം നേടുവാൻ കേരള അഗ്രി ടൂറിസം നെറ്റ് വർക്കിൽ ഉൾപ്പെട്ടിട്ടുള്ള യൂണിറ്റുകൾക്കായിട്ടുണ്ട്<br><br>2020 -ൽ സംസ്ഥാന സർക്കാരിന്റെ മികച്ച യുവ കർഷക പുരസ്കാര ജേതാവും കാസർഗോഡ് ജില്ലയിലെ പൂങ്കാവനം അഗ്രി ഫാം യൂണിറ്റിന്റെ ഉടമയുമായ ശ്രീമതി . ശ്രീവിദ്യ എം, ഇസ്രായേലിൽ കാർഷിക സംഘത്തിനൊപ്പം പഠനത്തിന് പോയിരുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ അഗ്രി ഫാം യൂണിറ്റിന്റെ ഭാഗമായ ശ്രീമതി . ശ്രീവിദ്യയുടെ കൃഷിയിടം , മലപ്പുറം കതിർ ബയോ |

| | | | |
|---|---|---|---|
| | | | ഡൈവേഴ്സിറ്റി, ഹാരിസ് സീ ഷെല്ലിലെ അഗ്രി ഫാം , കാസർഗോഡ് ഫാം പത്തായപ്പുര , എറണാകുളം ജില്ലയിലെ ഹരിത ബയോ പാർക്ക് എന്നിവ വലിയ തോതിൽ ടൂറിസ്റ്റുകളെ ആകർഷിച്ചു വരുന്നു. നിരവധി യൂണിറ്റുകൾ കൃഷിക്ക് ഒരു കോട്ടവും വരാത്ത രീതിയിൽ കാർഷിക ടൂറിസത്തെ ഉപയോഗപ്പെടുത്താമെന്ന ഉത്തരവാദിത്ത ടൂറിസം മിഷന്റെ കാഴ്ചപ്പാടിനനുസരിച്ച് അതിന്റെ മാതൃകയായി വളർന്നു വന്നിട്ടുണ്ട് |
| (ബി) | തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ച് കാർഷിക ടൂറിസം വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് കാർഷിക ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ഇതിനോടകം ആരംഭിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ